# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-2026

സെന്റ്.തോമസ് എൽ.പി സ്കൂൾ, നടുക്കര

1. വിദ്യാലയത്തിന്റെ പേര് : സെന്റ്. തോമസ് എൽ പി സ്കൂൾ, നടുക്കര

വിലാസം : ആവോലി പി. ഒ 686670

ഫോൺ : 9495379162

2. സ്കൂൾ കോഡ് : 28214
3. വിദ്യാഭ്യാസ ഉപജില്ല : കല്ലൂർക്കാട്
4. വിദ്യാഭ്യാസ ജില്ല : മൂവാറ്റുപുഴ
5. റവന്യൂ ജില്ല : എറണാകുളം
6. ബി. ആർ. സി : കല്ലൂർക്കാട്
7. സി. ആർ. സി : കാവന
8. ഗ്രാമപഞ്ചായത്ത് : ആവോലി
9. ബ്ലോക്ക് പഞ്ചായത്ത് : മൂവാറ്റുപുഴ
10. ജില്ലാ പഞ്ചായത്ത് : എറണാകുളം
11. നിയമസഭ : മൂവാറ്റുപുഴ
12. ലോകസഭാമണ്ഡലം : ഇടുക്കി.
13. താലൂക്ക് : മൂവാറ്റുപുഴ
14. വില്ലേജ് : മൂവാറ്റുപുഴ
15. ഇ. മെയിൽ : stlpsnadukkara@gmail.com.

# സെന്റ്. തോമസ് എൽ. പി. എസ്, നടുക്കര

## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

## അക്കാദമിക് മാസ്റ്റർപ്ലാൻ

### ആമുഖം

ആവോലി ഗ്രാമപഞ്ചായത്തിൽ നടുക്കര ഗ്രാമമായ 9-10 വാർഡിൽ ഈ സ്കൂൾ സ്ഥിതി ചെയ്യുന്നു. തൊടുപുഴയാറിന്റെ സമീപമുള്ള കാർഷികപ്രദേശമാണിത്. ഈ പ്രദേശത്തെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളാണ് ഈ സ്കൂളിൽ എത്തുന്നത്. കോതമംഗലം രൂപത കോർപ്പറേറ്റീവ് എഡ്യുക്കേഷൻ ഏജൻസിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഈ സ്കൂളിന്റെ ലോക്കൽ മാനേജർ നടുക്കര സെന്റ്. മാത്യൂസ് പള്ളി വികാരിയാണ്.

1929-ൽ സ്ഥാപിതമായ ഈ വിദ്യാലയത്തിൽ ആദ്യകാലങ്ങളിൽ ഷിഫ്റ്റ് അടിസ്ഥാനത്തിൽ 1 മുതൽ 5 വരെ ക്ലാസ്സുകളാണ് പ്രവർത്തിച്ചിരുന്നത്. ഇപ്പോൾ 1 മുതൽ 4 വരെ ക്ലാസ്സുകളാണ് ഉള്ളത്. ഇംഗ്ലീഷ് മീഡിയത്തിന്റെ വ്യാപനത്തോടെ ഈ സ്കൂളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞു തുടങ്ങി

2010 മുതൽ പ്രീ പ്രൈമറി വിഭാഗം ആരംഭിച്ചു. 96 വർഷം പിന്നിട്ട ഈ വിദ്യാലയത്തിൽ കുട്ടികൾ കുറവാണ് എന്നുള്ളതാണ് വലിയ പ്രതിസന്ധി.

# പൊതു ലക്ഷ്യങ്ങൾ

* ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ സൗജന്യമായ വിദ്യാഭ്യാസം എല്ലാ ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
* പ്രീപ്രൈമറി മുതൽ 4-ാം ക്ലാസ് വരെ ഓരോ ക്ലാസടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്കനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ട് സമയബന്ധിതമായി പ്രവർത്തനങ്ങൾ നടപ്പാക്കുന്നു.
* അധ്യയനവും അധ്യാപനവും സർഗാത്മകവും രസകരവും ആകുന്നതിനുപകരിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നു.
* സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ലക്ഷ്യങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുക.
* കുട്ടികളുടെ പഠനനില അറിഞ്ഞുകൊണ്ട് അവർക്ക് ആവശ്യമായ പഠന പിന്തുണ നൽകുക.
* 'വിദ്യാപ്രവേശ്' പദ്ധതിയുടെ ഭാഗമായി മുന്നൊരുക്ക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

* ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തി അതിനെ പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കണം.
* ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യമാക്കുക.
* കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക.
* ക്ലാസ്സ് മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമേ കലാ-കായിക, പ്രവൃത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ ഇടപെടുന്നതിന് കുട്ടികൾക്ക് അവസരം നൽകുക.
* ഓരോ അധ്യാപികയും ആധുനിക സാങ്കേതികവിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്യുക.
* ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനങ്ങളും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു
* എല്ലാ കുട്ടികളുടെയും പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുന്നു.
* കുട്ടികളിൽ പൗരബോധം നിറക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.
* പൊതുമുതൽ സംരക്ഷിക്കുന്നതിന്റെ ആവശ്യകതയും അനിവാര്യതയും ബോധ്യപ്പെടുത്തുന്നു.
* സ്വതന്ത്രവും നിർഭയവുമായ അന്തരീക്ഷം ഒരുക്കൽ

* പഠനനേട്ടങ്ങളും, പഠനാശയങ്ങളും, മൂല്യങ്ങളും കുട്ടികളിൽ എത്തിച്ചുവെന്ന് ഉറപ്പാക്കുന്നു.
* ഗതാഗത നിയമങ്ങൾ, വ്യക്തി ശുചിത്വം, ആരോഗ്യപരിപാലനം എന്നിവയെക്കുറിച്ച് ധാരണ നൽകുന്നു.
* പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം എന്ന ലക്ഷ്യത്തിനായി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.
* പ്രാദേശികമായ വിഭവങ്ങളെ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുന്നു.

## കാഴ്ചപ്പാട്

* പഠന, പഠനാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കൽ
* ശുചിത്വം, ദിനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്താനുള്ള സാഹചര്യം ഒരുക്കൽ.
* പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവുമൊരുക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ
* ഓരോ ക്ലാസിലെയും മികവാർന്ന ശേഷികളും ധാരണകളും നേടുന്നുണ്ടെന്ന് ഉറപ്പാക്കൽ

# നിലവിലെ അവസ്ഥാ വിശകലനം

**ഭൗതികം - നേട്ടങ്ങൾ** : പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഓരോ ക്ലാസിലേക്കും ആവശ്യമായ ഡസ്ക്കുകൾ സ്കൂൾ മാനേജ്മെന്റ് നിർമിച്ചു നൽകി. ക്ലാസ് ലൈബ്രറി രൂപീകരിച്ചു.

**ഭൗതികം - പരിമിതികൾ** : ഹൈടെക് ക്ലാസ്സ്റൂം ഇല്ല. കുട്ടികൾക്ക് ആവശ്യത്തിന് ഉപയോഗിക്കാനുള്ള കമ്പ്യൂട്ടറുകൾ ഇല്ല. ആധുനിക രീതിയിലുള്ള ശുചാലയങ്ങൾ ഇല്ല. ലാപ്ടോപ്പ്, പ്രൊജക്ടർ, പ്രിന്റർ എന്നിവ ഇല്ല.

# പ്രശ്നങ്ങളും വെല്ലുവിളികളും

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാ ശേഷി വികസനം | • കമ്പ്യൂട്ടർ റൂം | • പി.ടി.എ ശക്തിപ്പെടുത്തൽ |
| • ഗണിത ശേഷി വികസനം | • ക്ലാസ്സ് ലൈബ്രറി- സൗകര്യമില്ലായ്മ | • പൂർവ്വ വിദ്യാർത്ഥിസംഘടനാ പ്രവർത്തനങ്ങൾ |
| • ഇംഗ്ലീഷ് പഠന പരിപോഷണം | • ടോയ്ലറ്റ് | • ഭവനസന്ദർശനം |
| • ശാസ്ത്ര പോഷണ പരിപാടി | • സ്കൂൾ മെയിന്റനൻസ് | • ഭിന്നശേഷിക്കാരുടെ പഠനത്തെ സംബന്ധിച്ച ധാരണക്കുറവ് |
| • വായന പരിപോഷണം | • ലാപ്ടോപ് | |
| • റിസോഴ്സ് അധ്യാപകർ | • പ്രിന്റർ | |
| • പ്രാദേശിക വിദഗ്ദ്ധരും പഠനപ്രവർത്തനങ്ങളും | • പ്രൊജക്ടർ | |
| • ക്ലാസ്സ് ലൈബ്രറികൾ | | |

| | | |
|---|---|---|
| • വിദ്യാലയം തന്നെ പാഠപുസ്തകമെന്ന ആശയത്തിലേക്ക് ഉന്നിക സാഹചര്യത്തെ മാറ്റിയെടുക്കുക.<br>• പ്രയോജനകരമായ അധ്യാപക പരിശീലനത്തിന്റെ കുറവ്<br>• ജൈവ വൈവിധ്യ പാർക്ക്<br>• പ്രവൃത്തി പരിചയ പഠനം.<br>• പച്ചക്കറിത്തോട്ടം<br>• കലാ-കായികമേള<br>• ടേം മൂല്യനിർണയം, നിരന്തര വിലയിരുത്തൽ.<br>• ദിനാചരണം.<br>• ലഹരി വിമുക്ത ക്യാമ്പസ്<br>• ഭിന്നശേഷിക്കാരെ പരിഗണിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ. | • റിസോഴ്സ് വ്യക്തികളുടെ അഭാവം<br>• ടോയ്‌ലറ്റുകളുടെ എണ്ണക്കുറവ്<br>• കലാ കായിക പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകാൻ വിദഗ്ധരുടെ കുറവ്. | • കലാ-സാംസ്കാരിക പ്രവർത്തനങ്ങളുമായി രക്ഷിതാക്കളിലും കുട്ടികളിലും ശരിയായ കാഴ്ചപ്പാടിന്റെ അഭാവം<br>• സമൂഹത്തിന്റെ വിദ്യാലയ പങ്കാളിത്തം കുറവ്<br>• വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ പരിഹരിക്കാൻ സാമൂഹ്യ പങ്കാളിത്തത്തിന്റെ അഭാവം. |

# ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ

ശേഷി - നൈസർഗിക കഴിവുകൾ വികസിപ്പിക്കുക.
കലാപഠനം - ആഴ്ചയിൽ 1 മണിക്കൂർ
കായികപരിശീലനം - ആഴ്ചയിൽ 2 പീരിയഡ്
പ്രവൃത്തിപരിചയം - ഒക്ടോബർ, നവംബർ മാസങ്ങളിൽ പരിശീലനം.
ദിനാചരണങ്ങൾ - എല്ലാ മാസങ്ങളിലും പ്രാധാന്യമുള്ള ദിനങ്ങൾ ആചരിക്കുക.
ആരോഗ്യകായിക ക്ലബ്ബ് - ബോധവത്കരണ ക്ലാസുകളും ഹെൽത്ത് ചെക്കപ്പുകളും മരുന്നും നൽകുന്നു.
ശബ്ദ, മലയാളത്തിളക്കം - എല്ലാ ദിവസവും നടത്തുക.
Spoken English, Hello English ക്ലാസുകൾ തുടരുന്നു.
ലൈബ്രറി - ക്ലാസ്സ് തിരിച്ച് പുസ്തകങ്ങൾ നൽകുന്നു.
IT സാധ്യത - പഠനപ്രവർത്തനങ്ങളുടെ തുടർച്ചയായി IT പ്രവർത്തനങ്ങൾ അതിൽ ഉൾപ്പെടുത്തുന്നു.

# പ്രവർത്തന കലണ്ടർ

**ജൂൺ** - പ്രീടെസ്റ്റ് തയ്യാറാക്കൽ, പ്രവേശനോത്സവം, വായനാദിനം, ക്ലബ്ബ് രൂപീകരണം, SRG രൂപീകരണം, PTA സമിതി.

**ജൂലൈ** - ക്ലബ്ബ് സമിതി രൂപീകരണം, SRG രൂപീകരണം, പിന്നോക്കമുള്ള കുട്ടികളുടെ പരിശീലനം, ദിനാചരണങ്ങൾ

**ആഗസ്റ്റ്** - ബോധവൽക്കരണ ക്ലാസ്സ്, സ്വാതന്ത്ര്യ ദിനം, പരീക്ഷകൾക്കുള്ള പരിശീലനം

**സെപ്റ്റംബർ** - ഓണാഘോഷം, അധ്യാപകദിനം, മൂല്യനിർണ്ണയം, വിലയിരുത്തൽ, ക്ലാസ്സ് PTA, വീട് സന്ദർശനം

**ഒക്ടോബർ** - കലാകായിക ഗണിതശാസ്ത്ര പ്രവൃത്തി പരിചയമേളകളുടെ പരിശീലനം, ഗാന്ധിജയന്തി വാരാചരണം.

**നവംബർ** - കലാപരിശീലനം, കേരളപ്പിറവി ദിനം, ശിശുദിനം, ദിനാചരണങ്ങൾ

**ഡിസംബർ** - മൂല്യനിർണ്ണയം, ക്രിസ്തുമസ് ആഘോഷം, ദിനാചരണങ്ങൾ

**ജനുവരി** - പഠനയാത്രകൾ, പുതുവർഷം, ക്ലാസ്സ് PTA, ക്ലബ്ബ് പ്രവർത്തനം, റിപ്പബ്ലിക് ദിനം.

# അക്കാദമിക പ്രവർത്തനങ്ങൾ

മേഖല - അക്കാദമികം    ഉപമേഖല - മലയാളം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാള ഭാഷ എഴുതുവാനും വായിക്കുവാനും സ്പഷ്ടതയോടെ സംസാരിക്കുവാനും ഒരേ കഴിവ് ഉണ്ടാക്കും. | * കുട്ടികളുടെ പഠന നിലവാരം കണ്ടെത്തുന്നതിനായി പ്രീടെസ്റ്റ് നടത്തുന്നു. ക്ലാസ്സ് അടിസ്ഥാനത്തിൽ പ്രീടെസ്റ്റിലൂടെ കണ്ടെത്തിയ നിലവാരത്തിനനുസരിച്ച് കുട്ടികളെ ഗ്രൂപ്പുകളായി തിരിക്കുന്നു. അക്ഷരങ്ങൾ അറിയാത്തവർ, വായിക്കാൻ അറിയാത്തവർ എന്നിങ്ങനെ ഗ്രൂപ്പ് തിരിക്കുന്നു. | ജൂൺ ആദ്യ ആഴ്ച | മലയാളം/ ക്ലാസ് അധ്യാപിക. | |
| | * അക്ഷരങ്ങൾ ഉറപ്പിക്കൽ, ചിഹ്നങ്ങൾ ഉറപ്പിക്കൽ എന്നിവയ്ക്കായി ചിത്രങ്ങൾ, അക്ഷര കാർഡുകൾ, ചിഹ്നങ്ങൾ ചേർക്കാത്ത പരിചിതമായ കഥകൾ എന്നിവ നൽകുന്നു. | ജൂലൈ | | |
| | * വാക്കുകളിലൂടെ വാക്യങ്ങൾ അവ[illegible]ീകരിക്കൽ, സ്കൂൾ അസംബ്ലി | | | |
| | * ICT സാധ്യത ഉപയോഗപ്പെടുത്തുന്നു. ദിനാഘോഷങ്ങളെ പരിഗണിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ | " | | |

| | | | |
|---|---|---|---|
| | ഉദാ: സ്റ്റാമ്പിന്റ ഉപയോഗിച്ചുള്ള ചിത്രങ്ങൾക്ക് നിറം നൽകൽ, പേരു നൽകൽ<br>* ലൈബ്രറി, ബാലമാസികകൾ, പത്രം മുതലായവ വായന. | | മലയാളം/ ക്ലാസ്സ് അദ്ധ്യാപിക |
| ആശയങ്ങൾ - വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | * ഡയറിക്കുറിപ്പ്, കഥ, കവിത, വിവരണം ആസ്വാദനക്കുറിപ്പ്, ചുവർ പത്രിക, പതിപ്പ്, പോസ്റ്റർ മുതലായവ തയ്യാറാക്കൽ<br>* കടം-കഥയ്ക്ക് ആഴ്ചയിൽ 1 ദിവസം. ഉത്തരം ചോദ്യങ്ങൾ നൽകി കുട്ടികൾ അതിന് ഉത്തരം കണ്ടെത്തുന്നു. മാസത്തിൽ ഒരിക്കൽ മത്സരം വച്ച് സമ്മാനങ്ങൾ നൽകുന്നു. സ്വയം ചോദ്യങ്ങൾ കണ്ടെത്തി എഴുതുന്നു.<br>* വർക്ക് ഷീറ്റുകളുടെ നിർമ്മാണം. | ജൂൺ മുതൽ മാർച്ച് വരെ | " |
| അസംബ്ലി. | ആഴ്ചയിൽ മൂന്ന് ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും അവതരിപ്പിക്കുന്നു. ഓരോ ക്ലാസിനും ഇടവിട്ട് അവസരം നൽകുന്നു. | ആഴ്ചയിൽ മൂന്ന് ദിവസം | ക്ലാസ് ടീച്ചർ. |

## ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠന പരിപോഷണം. | * ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കുക. ഓരോ അക്ഷരങ്ങൾ ഉപയോഗിച്ച് അഞ്ച് വാക്കുകൾ കണ്ടെത്തുക. അതിന്റെ സ്പെല്ലിംഗും മീനിങ്ങും മനസിലാക്കുക. | ആഴ്ചയിൽ രണ്ട് ദിവസം | ക്ലാസ്സ് അധ്യാപിക. | |
| കമ്മ്യൂണിക്കേറ്റിവ് ഇംഗ്ലീഷ് | * സെൽഫ് ഇൻട്രഡക്ഷൻ, കോൺവർസേഷൻ, സ്റ്റോറി ടെല്ലിംഗ് | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| കളികളിലൂടെ ഭാഷാപഠനം | * പദപ്രശ്നം, റിഡിൽസ്, റൈംസ് | | | |
| അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ ഇംഗ്ലീഷിൽ അസംബ്ലിയുടെ മുഴുവൻ പരിപാടികളും അവതരിപ്പിക്കുന്നു. ഓരോ ക്ലാസിനും ഇടവിട്ട് അവസരം നൽകുന്നു. | ആഗസ്റ്റ് മുതൽ ആഴ്ചയിൽ ഒരു ദിവസം | | |

## ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം. | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ | ആവശ്യാനുസരണം. | എസ്.ആർ.ജി. | |

# ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഗണിതശേഷി വികസനം. | * അബാക്കസ്, സ്ഥാനവില പോക്കറ്റ്, ഡൈസ്കളി, പാമ്പും ഗോവണിയും, കലണ്ടർ പ്രവർത്തനങ്ങൾ എന്നിവയിലൂടെ ഗണിതാശയങ്ങൾ ഉറപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് | ക്ലാസ് അധ്യാപിക. | |
| ജ്യാമിതീയ രൂപങ്ങൾ ഉറപ്പിക്കൽ | * ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് വിവിധ വസ്തുക്കൾ നിർമ്മിക്കുന്നു.<br>ഉദാ:- വീട്, മനുഷ്യൻ (കാർഡ് ബോർഡ്, തെർമോക്കോൾ ഉപയോഗിച്ച്) | ഒരു മാസം (ഒക്ടോബർ/ നവംബർ) | ക്ലാസ് അധ്യാപിക. | |
| | * വിദ്യാലയ മുറ്റത്ത് വിവിധ രൂപങ്ങളുടെ മാതൃകയിൽ പൂന്തോട്ടം | 4 മാസം | Maths club | |
| ഗണിതമേള | * സ്കൂൾതല ഗണിതമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പിക്കൽ, ഉപജില്ലാതലത്തിൽ പരമാവധി കുട്ടികളുടെ പങ്കാളിത്തം. | വർഷത്തിൽ ഒരിക്കൽ | Maths club. | |

# പരിസരപഠനം (EVS)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാ... |
|---|---|---|---|---|
| 1 മുതൽ 4 വരെ ക്ലാസ്സുകളിലെ പരിസരപഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിന് നേടേണ്ട ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പാക്കാം. | * ക്ലാസ് തല പ്രവർത്തനങ്ങൾ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ നൽകൽ<br>* ശേഖരണങ്ങൾ<br>ചിത്രങ്ങൾ, ഇലകൾ, തൂവലുകൾ മുതലായവ | ജൂൺ മുതൽ മാർച്ച് വരെ<br>" | ക്ലാസ് ടീച്ചർ<br>science club. | |
| ശാസ്ത്രം പ്രവർത്തനമാണെന്ന് മനസിലാക്കൽ. | * സ്കൂൾ തല ശാസ്ത്രമേളകളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാ തലത്തിൽ പരമാവധി കുട്ടികളുടെ പങ്കാളിത്തം. | വർഷത്തിൽ ഒരു പ്രാവശ്യം. | സയൻസ് ക്ലബ്ബ് | |
| പഠനയാത്ര | * പ്രത്യക്ഷാനുഭവത്തിൽ പാഠ്യവസ്തുക്കൾ ശേഖരിക്കുന്നതിന്, ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേയ്ക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ ഒരു പ്രാവശ്യം. | HM<br>PTA<br>SRG. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| --- | --- | --- | --- | --- |
| കാർഷിക സംസ്കൃതി-യെ വിണ്ടെടു-ക്കൽ ഉപ്പുകണ്ടി-ത്തോട്ടം. | * വിദ്യാലയത്തിൽ സൗകര്യപ്രദ-മായ സ്ഥലത്ത് ഉപ്പുകണ്ടിത്തോട്ടം ഉണ്ടാക്കൽ | വർഷ-ത്തിലെ ദിക്കൽ | SRG [illegible] PTA | കൃഷി ഭവൻ |
| * ക്ലാസ് പി.ടി.എ കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെ-ടുത്തൽ | ക്ലാസ് പി.റ്റി.എ, പ്രതിമാസം ചേരൽ, പഠനപുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം, പൊതു ചർച്ച | പ്രതി മാസ പരി പാടി | ക്ലാസ്സ് ടീച്ചർ | |
| * കലാകാ-യിക പ്രവൃ ത്തി പരി-ചയ പരി ശീലനം (ടാലന്റ്, ലാബ്) | * കുട്ടികളുടെ കലാകായിക പ്രവൃത്തിപരിചയ മേഖലക-ളിൽ താൽപര്യമനുസരിച്ച് പരിശീലനം നൽകുന്നു. | ആഴ്ച-യിൽ മരി-ക്കൽ | Arts/ Sports/ പ്രവൃത്തി പരിചയ ക്ലബ്ബുകൾ | |
| * ഐ.ടി പരിശീലനം | * പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ (കളിപ്പെട്ടി) | പ്രവൃ-ത്തി ദിവസ-ങ്ങളിൽ | ക്ലാസ്സ് ടീച്ചർ | |

# ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 1 മുതൽ 4 വരെ സ്മാർട്ട് ക്ലാസ്റൂം | പഠനപ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് | 3 വർഷം | MLA MP പഞ്ചായത്ത് | 5 ലക്ഷം |
| ശുചിത്വം (ആധുനിക രീതിയിലുള്ള ശൗചാലയം) | സൗകര്യപ്രദമായ സ്ഥലത്ത് ശൗചാലയം നിർമ്മിക്കൽ | 2 വർഷം | പഞ്ചായത്ത് MLA MP | 2 ലക്ഷം |
| അടിസ്ഥാന സൗകര്യ വികസനം | വിശാലമായ ഓഫീസ് റൂം ഒരുക്കൽ | 3 വർഷം | MLA MP പഞ്ചായത്ത് | 5 ലക്ഷം |
| പ്രകൃതിയെ അടുത്തറിയാൻ അവസരം | ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കൽ | 1 വർഷം | SSA പഞ്ചായത്ത് | 25000/- |
| സ്കൂൾ കിറ്റ്, പണിയായുധങ്ങൾ | കൃഷി, അടുക്കളത്തോട്ടം കാര്യക്ഷമമാക്കാൻ | 1 വർഷം | കൃഷി വകുപ്പ് | 1000/- |

## സാമൂഹികം

| | | | | |
|---|---|---|---|---|
| * സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ. പൂർവ്വ വിദ്യാർത്ഥി സംഗമം | അധ്യാപക പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം. | PTA Manager HM | 5000/- |
| സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ശക്തമാക്കൽ | ഭവന സന്ദർശനം | അവധി ദിനങ്ങൾ | ടീച്ചേഴ്സ്, PTA MPTA കമ്മിറ്റി | |

## പ്രതീക്ഷിത നേട്ടങ്ങൾ (കുട്ടികളുടെ അക്കാദമിക വികസനത്തിന് ഊന്നൽ)

* ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
* "സ്കൂൾ സമൂഹത്തിൽ" എന്ന ആശയം സാക്ഷാത്കരിക്കുന്നു.
* വിദ്യാലയ പ്രവേശന നിരക്ക് വർധിക്കുന്നു.
* മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
* വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.

## ഉപസംഹാരം

നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസന രേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഭാവിയിൽ ഉണ്ടാകേണ്ട എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും പരിഗണിച്ചുള്ള പ്ലാൻ (10 വർഷത്തിനുള്ളിൽ) (സാമ്പത്തിക സഹായം: MLA, MP

